LIBRARY ARCHIVES Kerala Legislative Assembly

താൽക്കാലിക ആരോഗ്യ പ്രവർത്തകർക്കുള്ള മിനിമം വേതനം

192 (3219) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി വികസന സമിതി മുഖേന നിയമിക്കപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് പല ആശുപത്രികളിലും മിനിമം വേതനം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രി വികസന സമിതികളുടെ കീഴിൽ മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിയമിക്കപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് നൽകുന്ന വേതനം എത്രയെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) ഓരോ വിഭാഗത്തിനും നിശ്ചയിച്ച വേതനം എല്ലാവർക്കും ഉറപ്പാക്കുന്നുണ്ട്. 7-1-2010-ലെ സ.ഉ.(കൈ) നമ്പർ 6/2010/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ആശുപത്രി വികസന സമിതിയുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വേതനം നൽകുന്നതിനുള്ള നിർദ്ദേശം ഉള്ളതിനാൽ ആശുപത്രി വികസന സമിതി വഴി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സമിതിയുടെ തീരുമാനപ്രകാരമുള്ള വേതനം നൽകിവരുന്നു.

(സി) ആശുപത്രി വികസന സമിതിയുടെ വരുമാനത്തിന്റെ അറുപത് ശതമാനം മാത്രമേ ജീവനക്കാർക്ക് ശമ്പള ഇനത്തിൽ നൽകുവാൻ പാടുള്ളുവെന്ന് നിഷ്കർഷിക്കുന്ന നിയമാവലി നിലവിലുണ്ടോ; എങ്കിൽ ഇതിൽ മാറ്റം വരുത്തി ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മെഡിക്കൽ കോളേജുകളിൽ ഇത് എഴുപത് ശതമാനമായി ഉയർത്തി ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള സേവനം രോഗികൾക്ക് ലഭ്യമാക്കുന്നതിനാണ് ആശുപത്രി വികസന സമിതികൾ/ സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഒ.പി. രജിസ്ട്രേഷൻ ഫീ, വാഹന പാർക്കിംഗ് ഫീ, ആശുപത്രിയിൽ ലാബ്, സൗകര്യങ്ങൾ ഒരുക്കുക, അതിലൂടെ ചെറിയ വരുമാനം സ്വരൂപിക്കുക തുടങ്ങിയവയാണ് ഈ സമിതികളുടെ/ സൊസൈറ്റികളുടെ പ്രധാന വരുമാനമാർഗ്ഗങ്ങൾ. ഈ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനമാണ് ഇതിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിനായി മാറ്റിവയ്ക്കുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസവേതന നിരക്കുകൾ അധികരിക്കാതെയും ശമ്പളത്തിനും ഭരണപരമായ കാര്യങ്ങൾക്കുമുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവ് ആശുപത്രി വികസന സൊസൈറ്റി ഫണ്ടിന്റെ 70 ശതമാനത്തിലും/ആശുപത്രി വികസന കമ്മിറ്റി ഫണ്ടിന്റെ 50 ശതമാനത്തിലും അധികമാകാതെ നിജപ്പെടുത്തി ജീവനക്കാരുടെ വേതനം നിലവിൽ നൽകുന്നുണ്ട്. എന്നാൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയിലെ ജീവനക്കാർക്ക് അതിന്റെ വരുമാനത്തിന്റെ 60% വരെ വേതനം നൽകുന്നതിനായി ഉപയോഗിക്കുന്നു.